**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *247 06-10-2016 -ൽ മറുപടിക്ക്

## വെള്ളത്തിൽ വീണുള്ള അപകടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.കെ.എം.ഷാജി**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | വെള്ളത്തിൽ വീണുള്ള അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ ഉൾപ്പെടുന്നത് ഏറെയും ചെറുപ്പക്കാരും വിദ്യാർത്ഥിക ളുമാണെന്ന ഗൗരവമേറിയ കാര്യം ശ്രദ്ധിച്ചിട്ടു ണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ പ്രസ്തുത വിഷയം പ്രതിപാദിക്കുകയും ദുരന്ത തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കും കായിക-യുവജന ക്ഷേമ വകുപ്പിനെയും വിനോദ സഞ്ചാര വകുപ്പിനെയും ദുരന്ത പ്രതികരണത്തിന് അഗ്നിശമന സേനയെയും ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത പ്രവർത്തന ങ്ങൾക്കാവശ്യമായ വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കാൻ ആവശ്യമായ മാർഗനിർദേശവും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ അതിനിടയാക്കുന്ന സാഹചര്യങ്ങ ളെക്കുറിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടു ണ്ടോയെന്ന് അറിയിക്കാമോ; | ബി) | പ്രാദേശികമായ തലത്തിൽ ജലക്രീഡകളിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ടുന്ന സാമാന്യ സുരക്ഷാ നടപടികൾ പാലിക്കപ്പെടാത്തതാണ് ഇത്തരം അപകടങ്ങൾ വരുത്തിവെക്കുന്നത്. കുട്ടികളെ ജലക്രീഡകൾക്ക് അനുവദിക്കുമ്പോൾ പക്വമതികളുടെ മേൽനോട്ടം ഉണ്ടാകണം എന്ന സാമാന്യ ബോധവും സ്വ-സുരക്ഷാ (personal safety) ബോധവും കുറയുന്നതായി ഇത്തരം അപകടങ്ങളിൽ നിന്നും മനസിലാകുന്നു. യുവാക്കൾ സംഘം ചേർന്ന് ജലക്രീഡകളിൽ ഏർപ്പെടുമ്പോൾ സംഘ ബോധത്തിൽ (mass ecstasy) നിന്നും ഉരുത്തിരിയുന്ന ഒരു മിഥ്യമായ സുരക്ഷാ ബോധം (pseudo safety feeling) അപകടകരമായ പ്രവണതകളിലേക്ക് അവരെ നയിക്കുന്നതായി മനഃശാസ്ത്ര പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സ്വ-സുരക്ഷാ ബോധം സാമൂഹികമായി വളർത്തുക എന്നതാണ് ഇതിനുള്ള പരിഹാരം. |

| | | | |
|---|---|---|---|
| സി) | ദുരന്തങ്ങളുടെ പട്ടികയിൽപെടുന്ന ഈ പ്രശ്നം വിശദമായി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അത് ശുഷ്കാന്തിയോടെ നടപ്പാക്കുന്നതിനും പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കുമോ? | സി) | വെള്ളത്തിൽ വീണുള്ള അപകടങ്ങളിൽ ഉൾപ്പെടുന്നത് കൂടുതലും ചെറുപ്പക്കാരും വിദ്യാർഥികളുമായതിനാൽ ഈ വിഷയത്തിൽ അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. അപകടകരമായ സ്ഥലങ്ങളിൽ കൂടുതൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുങ്ങിമരണങ്ങൾ ലഘൂകരിക്കുന്നതിന് സ്കൂൾ തലത്തിൽ ബോധവത്കരണം നടത്തുന്നതിനായി ലഘു ലേഖകളും മറ്റും സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം നടത്തുന്ന പരിശീലന പരിപാടികളിലും മുങ്ങിമരണം തടയുന്നത് സംബന്ധിച്ച് ക്ലാസ്സുകൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ